Bishop Sebastian Vadakel, MST (Chairman)
Fr. Shaji Abraham Kochupurayil, MCBS (Secretary)
Archbishop Mathew Moolakkattu, OSB(Member)
Bishop Mathew Arackal (Member)

# മിഷൻ ഞായർ സന്ദേശം

17.10.2013

**മി**ശിഹായിൽ പ്രിയമുള്ള സഹോദരീ സഹോദരൻമാരെ,

സാർവ്വത്രിക സഭ ഒക്ടോബർ 20, 2013 മിഷൻ ഞായറായി ആഘോഷിക്കുകയാണല്ലോ. ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കണമെന്നുള്ള (Acts1:8) ഈശോ നാഥന്റെ ശിഷ്യൻമാരോടുള്ള ആഹ്വാനമാണ് മിഷൻ ഞായർ ആഘോഷത്തിന്റെ അടിസ്ഥാനം. ദൈവരാജ്യം ഈ ഭൂമിയിൽ സംജാതമാക്കുവാനുള്ള ഈശോയുടെ അതേ ദൗത്യത്തിൽ ക്രൈസ്തവരായ നാമെല്ലാവരും പങ്കാളികളാകുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭയുടെ പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി *Ad Gentes Divinitus no.2-ൽ* പറയുന്നു: ''തിരുസ്സഭ അവളുടെ സ്വഭാവത്താലെ പ്രേഷിതയാണ്''. വി. കുർബാനയുടെ നാലാം പ്രണാമ ജപത്തിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''അങ്ങ് മാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ''. നമ്മെ മാത്രമല്ല ഈ ലോകത്തിലുള്ള സകല ജനങ്ങളെയും സുവിശേഷവത്കരിക്കുക എന്നുള്ളതാണ് നമ്മുടെ ഉത്തരവാദിത്വമെന്ന കാര്യം നമുക്ക് മറക്കാതിരിക്കാം.

ഈ അവസരത്തിൽ നമ്മുടെ ശ്രദ്ധക്ക് വിഷയമാകേണ്ടത് ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 'നവസുവിശേഷവത്കരണം' എന്ന ആശയമാണ്. കാരണം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാമ്മോദീസ സ്വീകരിച്ച ഒട്ടനവധി ആളുകൾ ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കുകയോ നാമമാത്ര ക്രിസ്ത്യാനികളായി ജീവിക്കുകയോ ചെയ്യുന്നു. ഇത്തരത്തിലുള്ളവരെ പക്വമായ വിശ്വാസ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരികയാണ് നവസുവിശേഷവത്കരണത്തിന്റെ ഉദ്ദേശ്യം. ബനഡിക്ട് 16-ാമൻ മാർപാപ്പ 'വിശ്വാസത്തിന്റെ വാതിൽ' എന്ന തന്റെ ശ്ലൈഹിക പ്രബോധനത്തിൽ പറയുന്നു. ''Caritas christi urget nos''

Bishop Sebastian Vadakel, MST (Chairman)
Fr. Shaji Abraham Kochupurayil, MCBS (Secretary)
Archbishop Mathew Moolakkattu, OSB(Member)
Bishop Mathew Arackal (Member)

(2Cor; 5:14) ക്രിസതുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു. നമ്മുടെ ഹൃദയങ്ങളെ നിറക്കുന്ന ക്രിസ്തുവിന്റെ സ്നേഹമാണ് സുവിശേഷവത്ക്കരണത്തിന് നമ്മെ പ്രേരിപ്പിക്കുന്നത്. സഭയുടെ ആരാധന ക്രമാനുഷ്ഠാനങ്ങളിൽ സജീവമായി പങ്കുകൊണ്ടും, വിവിധ തരത്തിലുള്ള മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചും, നമ്മുടേയും ലോകം മുഴുവന്റേയും വിശുദ്ധീകരണത്തിനായി പ്രാർത്ഥിച്ചും, ഉപവസിച്ചും, സമൂഹത്തിലും കുടുംബത്തിലും മാതൃകാപരമായ ക്രൈസ്തവ ജീവിതം നയിച്ചും, സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരിക്കുന്ന പാവങ്ങളെ സഹായിച്ചും ഈ ആധുനിക ലോകത്തിൽ നല്ല മിഷനറിമാരായി തീരുവാൻ നമുക്കു സാധിക്കും. ഈ അവസരത്തിൽ സുവിശേഷവത്ക്കരണത്തിനായി തങ്ങളുടെ ജീവിതം പൂർണ്ണമായും സമർപ്പിച്ച എല്ലാ മിഷനറിമാരേയും നമുക്ക് നന്ദിയോടെ ഓർക്കാം. പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിനും മാധ്യസ്ഥ്യത്തിനുമായി നമുക്ക് അവരെ സമർപ്പിക്കാം. ദൈവ മഹത്വത്തിനായി അവരുടെ പ്രവർത്തനങ്ങളെല്ലാം വിശുദ്ധികരിക്കപ്പെടുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

ഈ വിശ്വാസവർഷത്തിൽ, മിഷൻ ഞായറാചരണം നമ്മുടെ ദൈവവിളിയെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. ദൈവം നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

മിശിഹായിൽ സ്നേഹപൂർവ്വം

Vadakel

മാർ. സെബാസ്ററ്യൻ വടക്കേൽ

ചെയർമാൻ,
കമ്മീഷൻ ഫൊർ ഇവാഞ്ചലൈസേഷൻ ആൻഡ് പാസ്ററൽ കെയർ ഓഫ് മൈഗ്രൻസ്